"ഭരണഭാഷ-മാതൃഭാഷ"

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനകാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ശ്രീ. മനോജ് കുമാർ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ (നിലവിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) ഫയൽ ചെയ്ത OA 1904/2023 നമ്പർ ഹർജി - അന്തിമ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7085/2024/ധന** **തീയതി,തിരുവനന്തപുരം,23/09/2024**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30/06/2023 ലെ ഡി.കെ.എസ്.എ.297/എസ്റ്റാ.1/2023 നമ്പർ നടപടിക്രമം
2. ശ്രീ. മനോജ് കുമാർ വി എൻ, ബഹു. KAT മുമ്പാകെ ഫയൽ ചെയ്ത OA 1904/2023 നമ്പർ ഹർജിയിന്മേലുള്ള 25/07/2024 തീയതിയിലെ അന്തിമ വിധി.
3. സ.ഉ (അ) 3/2017/ഉ ഭ പ വ തീയതി 25.2.2017

**ഉത്തരവ്**

പരാമർശം-1 പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം വയനാടിന് പുറത്തേക്ക് സ്ഥലംമാറ്റം ചെയ്യപ്പെട്ടത് നിലവിലെ പൊതുസ്ഥലമാറ്റ ഉത്തരവിന് വിരുദ്ധമായിട്ടാണെന്നും ടിയാന് പകരം മറ്റ് ഉദ്യോഗസ്ഥരെ ആയിരുന്നു പരിഗണിക്കേണ്ടിയിരുന്നതെന്നുമാരോപിച്ച് ശ്രീ. മനോജ് കുമാർ വി എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ(നിലവിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) ബഹു. KAT മുമ്പാകെ OA 1904/2023 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിൻമേലുള്ള പരാമർശം-2 ഉത്തരവ് പ്രകാരം ശ്രീ. മനോജ് കുമാർ വി എൻ - നെയും ടി പരാതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യക്തികളുണ്ടെങ്കിൽ അവരേയും ടി വിധിയുടെ പകർപ്പ് കൈപ്പറ്റി ഒരു മാസത്തിനകം നേരിൽ കേട്ട്, ഉചിതമായ നടപടി കൈക്കൊള്ളുവാൻ ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം ശ്രീ. മനോജ് കുമാർ വി എൻ - നെയും ശ്രീ സമീർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസറെയും മറ്റ് നാല് ഉദ്യോഗസ്ഥരെയും 30/08/2024 തീയതിയിൽ നേരിൽ കേട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം-3 പൊതു സ്ഥലംമാറ്റ ഉത്തരവ് ഖണ്ഡിക 10(i) പ്രകാരം ജീവനക്കാരന്റെ/ജീവനക്കാരിയുടെ പരിഗണനയിലുള്ള അപേക്ഷയുടെ സമയത്തുള്ള സ്റ്റേഷനിലെ തുടർച്ചയായ ദൈർഘ്യം, സ്ഥലംമാറ്റത്തിന് വേണ്ടിയുള്ള മാനദണ്ഡമായിരിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 14 വർഷത്തോളം ഹോം സ്റ്റേഷൻ സർവീസുള്ളതും അപ്രകാരം ശ്രീ. മനോജ് കുമാർ വി. എൻ - നെക്കാൾ സീനിയറുമായ ശ്രീ. സമീർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസറെ വയനാട് ജില്ലയ്ക്ക് പുറത്തേക്ക് നിയമിക്കുവാനും പകരം നിലവിൽ GCDA ഓഡിറ്റ് കാര്യാലയത്തിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസറായ ശ്രീ. മനോജ് കുമാർ വി. എൻ - നെ വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയത്തിലേക്ക് നിയമിക്കുവാനും ഡയറക്ടർക്ക് നിർദേശം നൽകിയും അപ്രകാരം

OA 1904/2023 നമ്പർ ഹർജിയിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.07.2024 ലെ അന്തിമ വിധി നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി. ജി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. മനോജ് കുമാർ വി എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ. സമീർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഫയൽ നം.എസ്റ്റാ.ഡി1/89/2023/ധന ഇ : 2488004)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ